(ബി) വനിതാ ഫെഡിന് തിരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയുണ്ടോ; ഇല്ലെങ്കിൽ ഇപ്പോൾ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) ഇതിന്റെ ഭരണസമിതിയിലേക്ക് തെരഞ്ഞെടുപ്പ് നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള നടപടികൾ ഏതുവരെയായി എന്ന് വെളിപ്പെടുത്തുമോ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ):

(എ) 20-12-2002-ൽ പ്രധാന പ്രവർത്തനലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്:

1. വനിതകളുടെ സാമൂഹ്യവും സാമ്പത്തികവുമായ ഉന്നമനം ലക്ഷ്യമിട്ടുകൊണ്ട് ഫണ്ട് സ്വരൂപിച്ച് അംഗസംഘങ്ങൾ മുഖേന വനിതകൾക്ക് സാമ്പത്തിക സഹായം നൽകുക.

2. പ്രാഥമിക വനിതാ സഹകരണ സംഘങ്ങളുടെ ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നതിന് സഹായിക്കുക.

3. വനിതാ സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്കു പരിശീലനം നൽകുക.

4. വനിതാ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.

(ബി) നിയമാവലി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി ഇല്ല. 5-3-2003-ൽ കൂടിയ ആദ്യ പൊതുയോഗം തെരഞ്ഞെടുത്ത 7 പേരടങ്ങിയ കമ്മിറ്റിയാണ് ഇപ്പോൾ നിലവിലുള്ളത്.

(സി) ഉണ്ട്. നിയമാവലിക്കും സഹകരണ ചട്ടത്തിനും വിധേയമായി തെരഞ്ഞെടുക്കപ്പെട്ട കമ്മിറ്റി രൂപീകരിക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

പുതിയ വ്യവസായ മേഖലകൾ

* 17 [829] ശ്രീ. പി. സി. ജോർജ്ജ്:
,, കെ. കെ. ജയചന്ദ്രൻ:
ഡോക്ടർ തോമസ് ഐസക്:
ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായിക തർക്ക നിയമത്തിന് കീഴിൽ പബ്ലിക് യൂട്ടിലിറ്റി സർവ്വീസിന്റെ പദവി നൽകിക്കൊണ്ട് പുതിയ വ്യവസായ മേഖലകൾ സ്ഥാപിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ മേഖലകൾ സ്ഥാപിക്കുന്നതിൽ സ്വകാര്യ മേഖലയുടെ പങ്കാളിത്തം സംബന്ധിച്ച് വിശദമാക്കാമോ;

(സി) 'വ്യവസായ മേഖല' സ്ഥാപിക്കാൻ സ്വകാര്യ മേഖലയിൽനിന്നും നിക്ഷേപകരെ കണ്ടെത്തുന്നതിനുള്ള നടപടിക്രമങ്ങൾ എന്താണെന്ന് വെളിപ്പെടുത്തുമോ;

(ഡി) മുൻ സാമ്പത്തികവർഷം ഇതിലേക്ക് ബഡ്ജറ്റിൽ എന്തുതുക വകയിരുത്തുകയുണ്ടായി; എന്തുതുക ചെലവഴിക്കുകയുണ്ടായി; 'വ്യവസായ മേഖല' പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ;

(ഇ) ഏതെല്ലാം സ്വകാര്യ പങ്കാളിത്തത്തോടുകൂടി ഏതെല്ലാം 'വ്യവസായ മേഖലകൾ' സ്ഥാപിക്കുന്നതിന് ഇതിനകം നടപടികൾ ആയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) വ്യവസായ തർക്ക നിയമത്തിനു കീഴിൽ പബ്ലിക് യൂട്ടിലിറ്റി സർവ്വീസിന്റെ പദവി നൽകിക്കൊണ്ട് തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, പാലക്കാട് എന്നീ സ്ഥലങ്ങളിൽ കിൻഫ്രയുടെ മേൽനോട്ടത്തിൽ വ്യവസായ മേഖലകൾ സ്ഥാപിക്കുവാൻ പദ്ധതിയുണ്ട്.

(ബി) ഈ മേഖലയുടെ അടിസ്ഥാന സൗകര്യം, വികസനം സ്വകാര്യമേഖലയുടെ പങ്കാളിത്തത്തോടുകൂടി നടത്തുവാനാണ് ഉദ്ദേശിക്കുന്നത്.

(സി) വ്യവസായ മേഖലയ്ക്ക് ആവശ്യമായ ഭൂമി ഏറ്റെടുത്തതിനുശേഷം അവിടെ അടിസ്ഥാന സൗകര്യ വികസനത്തിന് സ്വകാര്യ മേഖലയിലെ പങ്കാളിയെ ഒരു മൽസര ടെൻഡർ പ്രക്രിയയിലൂടെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമമാണ് സ്വീകരിച്ചിരിക്കുന്നത്. സ്വകാര്യ പങ്കാളിയുടെ സാങ്കേതികവും സാമ്പത്തികവുമായ മാനദണ്ഡങ്ങൾ അനുസരിച്ചായിരിക്കും തെരഞ്ഞെടുപ്പ് നടത്തുക.

(ഡി) മുൻസാമ്പത്തിക വർഷം ഇതിനായി ഒരു കോടി രൂപ വകയിരുത്തുകയുണ്ടായി. ഇതിനുവേണ്ടി ഇതുവരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല. വ്യവസായ മേഖലയ്ക്ക് വേണ്ടിയുള്ള സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ഇപ്പോൾ നടന്നുവരുന്നതേയുള്ളൂ. ഈ വ്യവസായ മേഖലകൾ സ്ഥാപിക്കുന്നതിനുള്ള വിശദമായ പഠനങ്ങൾ നടത്തുന്നതിനുവേണ്ടി ടെൻഡർ മുഖാന്തിരം ഒരു ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ കിൻഫ്ര നടത്തിവരുന്നു. പഠനങ്ങൾ പൂർത്തിയായതിനുശേഷം മാത്രമേ വ്യവസായ മേഖലകൾ സ്ഥാപിക്കുന്നതിനുള്ള വിശദാംശങ്ങൾ തീരുമാനിക്കുകയുള്ളൂ.

(ഇ) സ്വകാര്യ പങ്കാളിത്തത്തോടുകൂടി വ്യവസായ മേഖലകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പ്രാരംഭ ഘട്ടത്തിലായതിനാൽ വിശദാംശങ്ങൾ ലഭ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly